## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 639 — 30/06/2016-ൽ മറുപടിക്ക്

# കർഷക തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീമതി.യു.പ്രതിഭാ ഹരി<br>ശ്രീ.സി.കെ ശശീന്ദ്രൻ<br>ശ്രീ.എം.രാജഗോപാലൻ | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. കേരള സംസ്ഥാനത്തെ അസംഘടിതരായ കർഷകതൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി വിവിധ ക്ഷേമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി 1974ലെ കേരള കർഷകതൊഴിലാളി നിയമത്തിലെ 8-ാം വകുപ്പ് പ്രകാരം കേരള കർഷകതൊഴിലാളി ക്ഷേമനിധിയ്ക്ക് രൂപം നൽകി. തൊഴിലാളികളുടെ പ്രതിനിധികളായി 7 അംഗങ്ങളും ഭൂവുടമ പ്രതിനിധികളായി 7 അംഗങ്ങളും സർക്കാറിനെ പ്രതിനിധീകരിച്ച് 7 അംഗങ്ങളും ഉൾപ്പെടുന്ന ഒരു ഡയറക്ടർ ബോർഡാണ് ബോർഡിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത്. ഇവരിൽ നിന്ന് ഒരാളെ ബോർഡിന്റെ ചെയർമാനായും സർക്കാർ പ്രതിനിധികളിൽ നിന്ന് ഒരാളെ ചീഫ്എക്സിക്യൂട്ടീവായും നിയമിച്ച് വരുന്നു ചീഫ് ഓഫീസിൽ നിന്നുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ജില്ലാ ഓഫീസുകളുടെ പ്രവർത്തനങ്ങൾ അതാത് വെൽഫെയർ ഫണ്ട് ഓഫീസർമാർ നിർവ്വഹിച്ചുവരുന്നു. കർഷകതൊഴിലാളികൾക്ക് അംഗത്വം നൽകുക, അംശദായം സ്വരൂപിക്കുക തൊഴിലാളികൾക്ക് അർഹമായ റിട്ടയർമെൻറ് ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം എന്നിവ വിതരണം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലാതല ഓഫീസുകൾ മുഖേന ബോർഡ് നിർവ്വഹിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി മൂന്ന് ലക്ഷത്തോളം അപേക്ഷകൾ കെട്ടിക്കിടക്കാനിടയായ സാഹചര്യം എന്താണ്; മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾനൽകാനായി എത്ര തുക വേണ്ടി വരും; | (ബി) | തൊഴിലാളികളിൽ നിന്ന് പ്രതിമാസം 5/-രൂപ വീതം പിരിച്ചെടുക്കുന്ന അംശദായവും 40 ആറിനു മുകളിൽ 1 ആറിനു 25 പൈസ എന്ന നിരക്കിൽ ഭൂവുടമകളിൽ നിന്ന് പിരിച്ചെടുക്കുന്ന ഭൂവുടമാവിഹിതവുമാണ് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. ഒരു വർഷം ഒരു തൊഴിലാളി 60/-രൂപ ക്ഷേമനിധിയിൽ അടയ്ക്കുമ്പോൾ പ്രതിവർഷം 625/-രൂപ നിരക്കിൽ റിട്ടയർമെൻറ് ആനുകൂല്യവും ഇത് കൂടാതെ 2000/-രൂപ വിവാഹ ധനസഹായം, 15000/-രൂപ പ്രസവ ധനസഹായം, 1000/-രൂപ ചികിത്സാ ധനസഹായം എന്നിവ കൂടി നൽകുന്നുണ്ട്. വരവിലും ചെലവിലുമുള്ള ഈ അന്തരം മൂലമാണ് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സമയബന്ധിതമായി അംഗങ്ങൾക്ക് നൽകാൻ കഴിയാതെ വരുന്നത്. 2016 മാർച്ച് മാസത്തെ കണക്കുകൾ പ്രകാരം മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിന് 251 കോടി രൂപ വേണ്ടിവരും. |
| (സി) | അർഹമായ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ? | (സി) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ ധനസഹായവും മാച്ചിംഗ് ഗ്രാന്റും അനുവദിക്കുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശകൾ സർക്കാരിന്റെ പരിശോധനയിലാണ്. |

**സെക്ഷൻ ഓഫീസർ**